# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26




**ജി യു പി എസ് പാലയത്തുവയൽ**

# ആമുഖം

ഗിരിവർഗ്ഗ അധിനിവേശ പ്രദേശങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനുള്ള പ്രത്യേക പദ്ധതിയുടെ ഭാഗമായി 19.06.1978 ലെ സർക്കാർ ഉത്തരവ് നമ്പർ എം.എസ്സ് 76/78 പ്രകാരം ആരംഭിച്ചതാണ് ഈ വിദ്യാലയം.അന്ന് മാനന്തവാടി ട്രൈബൽ പ്രോജക്ട് ഓഫീസറായിരുന്ന ശ്രീ.കെ.പാനൂരിൻെറ പ്രത്യേകം താൽപ്പര്യത്തിലാണ് ഈ വിദ്യാലയം അനുവദിച്ച് കിട്ടിയത്. വിദ്യാലയം തുടങ്ങാൻ തൻെറ ഭവനം വാടകയില്ലാതെ വിട്ടുതന്നത് ശ്രീ.കെ.പി. യാക്കോബ അവർകളാണ്.കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പ് നിടുംപൊയിൽ റോഡ് കോളയാട് ഗ്രാമ-പഞ്ചായത്തിൽ 13ാം വാർഡ് കണ്ണവം വനമേഖലയിലാണ് പെരുവ ഗ്രാമം.ചങ്ങലഗേറ്റിൽ നിന്നും 7 കി.മീ ദൂരെയാണ് പാലയത്തുവയൽ ഗവ.യു.പി.സ്കൂൾസ്ഥിതി ചെയ്യുന്നത്. കട്ടപ്പാലം, കടൽക്കണ്ടം, ആക്കംമൂല, ചന്ദ്രോത്ത്,പാലയത്തു-വയൽ, പാറക്കണ്ട്, ചെമ്പുക്കാവ്,തെറ്റുമ്മൽ,കൊളപ്പ, പറക്കാട് മുതലായ കൊച്ചുകൊച്ചു ദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രകൃതിസുന്ദരമായ ഗ്രാമം.19.07.1978 ഒന്നാം തരത്തിൽ ടി.പി.അബ്ബാസ് എന്ന കുട്ടിക്ക് പ്രവേശനംനൽകികൊണ്ട് അന്നത്തെ കൂത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർശ്രീ.പത്മനാഭൻ നമ്പ്യാർ വിദ്യാലയത്തിൻെറ പ്രവർത്തനത്തിന് തുടക്കം കുറിച്ചു.സ്കൂളിൻെറ ഔപചാരിക ഉദ്ഘാടനം 1978 ഒക്ടോബർ 19ാം തീയ്യതി അന്നത്തെഗിരിവർഗ്ഗ ക്ഷേമ ഡയറക്ടർ ശ്രീ.വി.കെ ബാലകൃഷ്ണൻ അവർകൾ നിർവഹിച്ചു.സ്കൂളിൻെറ പ്രാരംഭ പ്രവർത്തനങ്ങൾക്ക് നിയുക്തനായത് എടയാർ ഗവ.എൽ.പി.സ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന. ശ്രീ.എം.ചാത്തുക്കുട്ടി ആയിരുന്നു.1984 ൽ സ്കൂൾ തരമുയർത്തപ്പെട്ടു. 22.9.1984 ന് യു.പി.വിഭാഗത്തിൻെറ പ്രവർത്തനംഉദ്ഘാടനം ചെയ്തത് അന്നത്തെ വനംവകുപ്പ് മന്ത്രിയായിരുന്ന ശ്രീ.കെ.പി.നൂറുദ്ദീൻ അവർകളായിരുന്നു. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെ തരമു-യർത്തപ്പെട്ട സാഹചര്യത്തിൽ താല്ക്കാലിക ഷെഡ് പണിതാണ് യു.പി.വിഭാഗംആരംഭിച്ചത്. ഇന്നും വിദ്യാലയത്തിന് സ്വന്തമായി സ്ഥലമില്ല. വനംവകുപ്പിൻെറപ്രത്യേക അനുവാദത്തോടെ റിസർവ്വവനത്തിൽ കെട്ടിടം പണിത് പ്രവർത്തിച്ചുവരികയാണ്

2025-26 അധ്യയന വർഷം 58 ആൺകുട്ടികളും 46 പെൺകുട്ടികളും ഒന്നു,മുതൽ ഏഴു വരെ ക്ലാസുകളിൽ പഠിക്കുന്നു. രണ്ട് പ്രീപ്രൈമറി അധ്യാപകരുൾപ്പെടെ 9 അധ്യാപകരും ഒരു OA യും ഇവിടെ പ്രവർത്തിക്കുന്നു. പ്രീപ്രൈമറി വിഭാഗത്തിൽ കുട്ടികൾ ഉണ്ടെങ്കിലും സർക്കാർ അംഗീകാരമില്ലാത്തതിനാൽ കുട്ടികളെ ഉച്ച- -ഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ഈ വിഭാഗത്തിലുള്ള ടീച്ചർമാർക്ക്പ്രതിഫലം കൊടുക്കാനും ഏറെ പ്രയാസപ്പെടുകയാണ്.ഈ പ്രദേശത്തിൻെറ പ്രത്യേകത പരിഗണിച്ച് പ്രത്യേക ഘടക പദ്ധതിയിൽഉൾപ്പെടുത്തി ഇതിന് അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്.

2025 -26 വര്‍ഷം സമഗ്ര ഗുണമേന്മ വര്‍ഷമാണ് .ഗുണ മേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് ഞങ്ങളുടെ നിലപാട് .പഠനമെന്നാല്‍ പരീക്ഷയെമാത്രം ലക്ഷ്യമിടേണ്ട ഒന്നല്ല. ഒരു സമൂഹത്തില്‍ എങ്ങനെ ജീവിക്കണം എങ്ങനെ പെരുമാറണം എന്നുള്ളതിന്‍റെ പരിശീലനക്കളരി കൂടിയാണ് വിദ്യാലയങ്ങള്‍. നാം അഭിമാനിക്കുന്ന ജനാധിപത്യം, മതനിരപേക്ഷത തുടങ്ങിയ നിലപാടുകള്‍ വികസിക്കുന്നത് പൊതു ഇടമായ പൊതുവിദ്യാലയങ്ങളിലാണ്. സമൂഹത്തില്‍ കാണുന്ന പലതരം തെറ്റായ പ്രവണതകള്‍ക്കെതിരെയുള്ള നിലപാടുകള്‍ കൈക്കൊള്ളാനുള്ള പ്രാപ്തി കുട്ടികള്‍ നേടേണ്ടതുണ്ട്. സ്കൂള്‍ വിദ്യാഭ്യാസത്തിന്‍റെ ഭാഗമായി ഇതെല്ലാം ഉള്‍ക്കൊണ്ടുകൊണ്ടാണ് സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയെ കാണുന്നത്.

## <u>സമഗ്ര ഗുണമേന്മ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങള്‍</u>

- 1 മുതല്‍ 7 വരെയുള്ള ഓരോ ക്ലാസിലും കുട്ടി പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. ഒപ്പം, മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങള്‍ വികസിക്കാനാവശ്യമായ അനുഭവങ്ങള്‍ഒരുക്കുക.
- 1 മുതല്‍ 7 വരെ ക്ലാസുകളില്‍ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായി വികസിക്കണം എന്നത് പാഠ്യപദ്ധതിയില്‍ തിട്ടപ്പെടുത്തിയിട്ടുണ്ട്. അവ സമയബന്ധിതമായ പ്രവര്‍ത്തനങ്ങളിലൂടെ നേടുന്നു എന്നുറപ്പുവരുത്തുക.
- എല്ലാ കുട്ടികള്‍ക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങള്‍ ഒരുക്കുക. സ്വന്തം കഴിവുകള്‍ കണ്ടെത്തി അവ ഏറ്റവും ഉയര്‍ന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികള്‍ മറികടക്കാനുമുള്ള അവസരങ്ങള്‍ സൃഷ്ടിക്കുക.
- കുട്ടികളുടെ പഠനനില അതത് അവസരങ്ങളില്‍ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ യഥാസമയം നല്‍കുക. അതോടൊപ്പം കോര്‍ വിഷയങ്ങളിലും കുട്ടികള്‍ മുന്നേറുന്നു എന്നുറപ്പുവരുത്തുക. വിദ്യാഭ്യാസ വകുപ്പിന്‍റെ നേതൃത്വത്തില്‍ നടക്കുന്ന അന്വേഷണാത്മക പ്രവര്‍ത്തനങ്ങള്‍ (ഉദാ: ഗണിത പഠനത്തിന് മഞ്ചാടി) നടക്കുന്ന വിദ്യാലയങ്ങളില്‍ അവ കാര്യക്ഷമമായി നടപ്പാക്കുക.
- മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളില്‍ ഉയര്‍ന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.

- ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചും കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- ലിംഗ പദവിയും അവസര തുല്യതയും സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾനടപ്പാക്കുക.
- സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക
- ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത്നടപ്പാക്കുക.
- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും പ്രവർത്തനാധിഷ്ഠിതവും ആക്കുവാൻ ആവാസ-പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസ്സിനെ ഫലപ്രദമായ പഠന ഇടമായി വികസിപ്പിക്കുകയും ചെയ്യുക.
- പാരിസ്ഥിതികാവബോധം, സാമൂഹികാവബോധം, മാലിന്യ നിർമ്മാർജന അവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ പ്രയോജനപ്പെടുത്താവുന്ന ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.
- സമഗ്രപഠന പുരോഗതി രേഖ തയ്യാറാക്കി (Holistic Progress Document) ഓരോ കുട്ടിയും മികവിന്റെ ഉടമകളാകുന്നുവെന്ന് രക്ഷാകർത്താക്കളേയും പൊതുസമൂഹത്തേയും ബോധ്യപ്പെടുത്തുക.

## അവസ്ഥ വിശകലനം

<u>ഭൗതികസാഹചര്യങ്ങൾ/ പരിമിതികൾ</u>

1. സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലവും അതിനനുബന്ധമായ സ്ഥലത്തിൻെറ ഉടമസ്ഥാവകാശം ലഭ്യമാക്കുക.
2. സ്കൂൾ കോമ്പൗണ്ട് (പഴയത് നവീകരണം നടത്തുകയും ബാക്കിയുള്ളവ പൂർത്തിയാക്കുകയും ചെയ്യുക) നിർമ്മിക്കുക.
3. സ്കൂളിലെ കുട്ടികൾക്ക് ആവശ്യമായ തരത്തിലുള്ള ബെഞ്ച്, ഡസ്ക് മററ് ഫർണിച്ചറുകൾ ലഭ്യമാക്കുക.
4. സ്കൂൾ ഓഫീസിലേക്കാവശ്യമായ മേശ, കസേര, അലമാര തുടങ്ങിയവ ലഭ്യമാക്കുക.

5. സ്കൂൾമുററം മഴക്കാലത്ത് ചെളിവെള്ളം കെട്ടികിടക്കുന്നു. അത് ഒഴിവാക്കാൻമുററം ഉയർത്തി തറ ഓട് പാകുക.

6. പ്രീപ്രൈമറിക്ക് അംഗീകാരം ലഭ്യമാക്കുക.

7. പ്രീപ്രൈമറി കുട്ടികൾക്കാവശ്യമായ ക്ലാസ് റൂം ലഭ്യമാക്കുക.

8. കമ്പ്യൂട്ടർലാബിലേക്കാവശ്യമായ കമ്പ്യൂട്ടർ ലഭ്യമാക്കുക.

9. മഴവെള്ള സംഭരണിയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുക.

10 പെഡഗോജിക്കൽ പാർക്ക് നവീകരിക്കുക.

11.ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട പാചകപാത്രങ്ങളും കുട്ടികൾക്ക് ഭക്ഷണം കഴിക്കാനാവശ്യമായ പ്ലേറ്റ്, ഗ്ലാസ് എന്നിവ ലഭ്യമാക്കുക.

12 കുട്ടികൾക്ക് ഭക്ഷണം കഴിക്കാനുള്ള ചെറിയ സൗകര്യമുണ്ട്. എന്നാൽ ആ സൗകര്യം പരിമിതമാണ്. അതുകൊണ്ട് വലിയ ഒരു ഭക്ഷണശാല ലഭ്യമാക്കുക.

13. സ്കൂളിൽ സി.സി.ടി.വി ക്യാമറകൾ ലഭ്യമാക്കുക.

14. ക്ലാസുമുറികളിലേക്ക് ആവശ്യമായ സൗണ്ട് സിസ്ററം ലഭ്യമാക്കുക.

15. ഇലക്ട്രിക് ബെൽ ലഭ്യമാക്കുക.

16 സ്കൂൾ കെട്ടിടത്തിലെ പഴയതും ചിതലരിച്ചതുമായ ജനലുകളും വാതിലുകളും മാററി പുതിയവ ലഭ്യമാക്കുക.

17. ക്ലാസുകളിലെല്ലാം കുടിവെള്ളം ലഭ്യമാക്കുക.

18. സയൻസ് ലാബ്, ഗണിതലാബ് എന്നിവയിലേക്കാവശ്യമായ സാധനങ്ങൾ ലഭ്യമാക്കുക.

***<u>എൻറോൾമെൻറ്</u>***

2025 -26 വർഷത്തെ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| Class | Boys | Girls | Total |
|---|---|---|---|
| **Pre Primary** | 11 | 14 | 25 |
| **1** | 7 | 6 | 13 |
| **2** | 10 | 8 | 18 |
| **3** | 9 | 4 | 13 |
| **4** | 9 | 5 | 14 |
| **5** | 10 | 5 | 15 |
| **6** | 2 | 11 | 13 |
| **7** | 11 | 7 | 18 |
| **Total 1 to 7** | ***58*** | ***46*** | ***104*** |

അധ്യാപക -അനധ്യാപകരുടെ എണ്ണം

| | |
|---|---|
| HM | 1 |
| LPST | 4 |
| UPST | 2 |
| PRE PRIMARY | 2 |
| OA | 1 |
| ***TOTAL*** | ***10*** |

*പ്രവർത്തനം ഒറ്റനോട്ടത്തിൽ*

| **അക്കാദമികം** | **ഭൗതികം** | **സാമൂഹികം** |
|---|---|---|
| • ഭാഷാശേഷികൾ മെച്ചപ്പെടുത്തൽ<br>• ഗണിത ശേഷി വികാസം<br>• ശാസ്ത്രബോധം സൃഷ്ടിക്ക<br>• ദിനാചരണങ്ങ<br>• ഐ ടി പരിശീലന<br>• കലാകായിക മേഖലകൾ<br>• സ്കൂൾ ബ്ലോഗ് നിർമ്മാണം<br>• വിവിധ ലാബ് അടിസ്ഥാന പ്രവർത്തനങ്ങൾ. | • സ്കൂൾ അങ്കണം കട്ടപതിക്കൽ<br>• ആധുനിക രീതിയിലുള്ള ശുചീക നിർമ്മാണം<br>• പാർക്കിംഗ് സ്ഥലം ഒരുക്കൽ<br>• ചുറ്റുമതിൽ നിർമാണം<br>• അടുക്കള നവീകരണം<br>• തണൽ മരങ്ങൾ നട്ടുപിടിപ്പിക്കൽ<br>• വിദ്യാലയത്തിൽ സിസിടിവി സ്ഥാപിക്കൽ<br>• കളിസ്ഥലം നവീകരിക്കൽ<br>• സൗണ്ട് സിസ്റ്റം മെച്ചപ്പെടുത്തൽ | • സ്കൂൾ ജാഗ്രതാ സമിതി പ്രവർത്തന ശാക്തീകരണം<br>• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം<br>• വിദ്യാലയ മികവുകൾ സാമൂഹ്യ മാധ്യമം വഴി പങ്കിടൽ<br>• വിഭവ ഭൂപട നിർമ്മാണം പരിശീലനം |

## സ്കൂളിൻറെ തനത് പ്രവർത്തനങ്ങൾ

*കഥയരങ്ങ്

*ശാസ്ത്ര കിറ്റ്

*ഗണിത കിറ്റ്

*തപാൽപ്പെട്ടി

*ദിനാചരണ പ്രവർത്തനങ്ങൾ

*ഗണിതശാസ്ത്ര പഠനം- മഞ്ചാടി ഒന്ന് രണ്ട് ക്ലാസുകളിൽ

## ഭാഷാ വിഷയങ്ങൾ

*ഹിന്ദി /ഇംഗ്ലീഷ് -അസംബ്ലി

*പത്രവായന

*വായന കുറിപ്പുകൾ

*ആസ്വാദനക്കുറിപ്പുകൾ

*സ്കൂൾ പാർലമെൻറ്

## ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം

*മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കൽ(ഇക്കോ ക്ലബ്ബ്)

*ജൈവകൃഷിത്തോട്ടം(പച്ചക്കറി കൃഷി)

*ഹരിത നടത്തം(ഹരിത പരിസരം ഉറപ്പാക്കൽ )-ദിവസവും ക്ലാസ് അടിസ്ഥാനത്തിൽ

*ഔഷധത്തോട്ടം /പൂന്തോട്ടം സൗന്ദര്യവൽക്കരണം

## സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

*ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്

*പോസ്റ്റർ നിർമ്മാണം

*ലഹരി വിരുദ്ധ റാലികൾ

*സന്ദേശങ്ങൾ പ്രചരിപ്പിക്കൽ

*വൈദ്യുതി സുരക്ഷാ ക്ലാസ്

*പ്രകൃതി ദുരന്തം മോക് ഡ്രിൽ

## പ്രതിഭാ പോഷണ പരിപാടികൾ

*ഗവേഷണ പ്രവർത്തനങ്ങൾ - STREAM

*എൽ എസ് എസ് യു എസ് എസ്

*ചിത്രരചന -(ചായക്കൂട്)

*ശില്പശാലകൾ

*പൊതു വിജ്ഞാനം

## ഭിന്നശേഷിക്കാർക്കുള്ള പരിഗണന

*തെളിച്ചം(പഠന പിന്തുണ പ്രവർത്തനങ്ങൾ )

*വർക്ക് ഷീറ്റ് /ഐസിടി സാധ്യത

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

## ഒന്നാം ക്ലാസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| എല്ലാ കുട്ടികളും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക | സചിത്ര പുസ്തകം<br>ചിത്രകാർഡ് ,വായനക്കാർഡ് എന്നിവയുടെ നിർമ്മാണം | ജൂൺ<br>ജൂലൈ ആദ്യവാരം |
| ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുക | സംയുക്ത ഡയറി<br>വായനാമൂല ,ക്ലാസ് ലൈബ്രറി എന്നിവ ഒരുക്കൽ | ജൂലൈ<br>ആഗസ്റ്റ് സെപ്റ്റംബർ |
| സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരാക്കുക | സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം<br>വായനോത്സവം<br>കൂട്ട വായന<br>വീട്ടു വായന<br>രചനോത്സവം<br>ഓരോ കുട്ടിക്കും ഓരോ പതിപ്പ് | ഒക്ടോബർ മുതൽ<br>മാർച്ച് വരെ |

# ഗണിതം 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | 1) ഗണിത മാഗസിൻ 2)ജാമിതീയ രൂപങ്ങളുടെ നിർമ്മാണം | ജൂൺ - മാർച്ച് ജൂൺ,സപ്പംബർ | പി ടി എ ക്ലാസ് ടീച്ചർ | എസ് എസ് എ |
| ഗണിത ചിന്താശേഷി വളർത്തൽ. | 1)ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു | ജൂലൈ - ജനവരി | ക്ലാസ് ടീച്ചർ | സി പി ടി എ |
| ഗണിതം ലളിതമാക്കാം. | 1)ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. 2)ഗണിത ആൽബം തയ്യാറാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | സി പി ടി എ |
| ഗണിത പഠനം രസകരമാക്കൽ. | 1)വിവിധ പഠനോപകരണ നിർമ്മാണ പ്രദർശനം. | ഒക്ടോബർ | ക്ലാസ് ടീച്ചർ, എസ് ആർ ജി | പിടിഎ |
| ഗണിതശേഷികളുടെ പ്രകടനം. | 1)ഒറിഗാമി രൂപങ്ങളുടെ നിർമ്മാണപ്രദർശനം. 2)വിവിധ ഗണിത കേളികളുടെ പ്രദർശനം. 3)പഠനോല്പന്നങ്ങളുടെ പ്രദർശനം. | ഫെബ്രുവരി | എച്ച് എം എസ് ആർ ജി ക്ലാസ് ടീച്ചർ | എസ് എസ് എ |

# Academic Master Plan

## STD 1
## English

| Objectives | Activities | Duration | Duty | Financial Support |
|---|---|---|---|---|
| Providing opportunities to hear English language. | Screening Movies& Cartoons | JULY-MARCH | SRG<br>Class teacher | |
| Read and write simple sentences | Provide simple reading cards.picture stories | JULY-MARCH | Class teacher | SSA |
| understand basic vocabulary | Playing word games<br>English assembly once in a week | JULY-MARCH | Class teacher | |
| Write simple sentences | Picture reading and picture descriptions | October-March | Class teacher | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ**
**മലയാളം**
**രണ്ടാം തരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞു അവതരിപ്പിക്കുന്നു | ചിത്ര വായന<br>ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ പരിചയപ്പെടൽ<br>ദിനാചരണങ്ങൾ | അധ്യാപിക | ജൂൺ<br>ജൂലൈ | |
| വ്യത്യസ്ത വ്യവഹാര രൂപങ്ങളുടെ രചന | സംഭാഷണം എഴുതൽ<br>വായിച്ചറിഞ്ഞ കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ<br>വായിച്ച കഥാരംഗങ്ങൾ ആവിഷ്കരിക്കൽ | അധ്യാപിക | ആഗസ്റ്റ്<br>സെപ്റ്റംബർ | |
| കുട്ടികൾ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | കഥാ രചന<br>സംഭാഷണം തയ്യാറാക്കൽ<br>പതിപ്പ് നിർമ്മാണം | അധ്യാപിക | ഒക്ടോബർ<br>നവംബർ | |
| ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കൽ | മാഗസിൻ നിർമ്മാണം | അധ്യാപിക | ഡിസംബർ | |
| വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ | കവിത പൂരണം<br>ലഘു വിവരണം തയ്യാറാക്കൽ<br>പതിപ്പ് നിർമ്മാണം<br>ഭാഷണലേഖന പ്രവർത്തനങ്ങൾ | അധ്യാപിക | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | |

| അക്കാദമിക മാസ്റ്റർ പ്ലാൻ<br>ഗണിതം<br>രണ്ടാംതരം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു | ചിത്രത്തിലെ രൂപങ്ങൾ എണ്ണിയെടുക്കുന്നു<br>രൂപങ്ങൾ ഉപയോഗിച്ച് ചിത്രം വരയ്ക്കുന്നു<br>രൂപങ്ങളുമായി ബന്ധപ്പെട്ട പാറ്റേൺ കണ്ടെത്തുന്നു | ജൂൺ | അധ്യാപിക | |
| സംഖ്യാബോധം | പത്തിന്റെയും ഒന്നിനെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കുന്നു | ജൂലൈ<br>ആഗസ്റ്റ് | അധ്യാപിക | |
| രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു | സങ്കലന വ്യവകലനം ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു | സെപ്റ്റംബ ർ<br>ഒക്ടോബർ | അധ്യാപിക | |
| സ്ഥാന വില | സ്ഥാനവില പോക്കറ്റ് അബാക്കസ് നിർമ്മാ ണം | നവംബർ<br>ഡിസംബർ | അധ്യാപിക | |
| സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നനിർധാരണം | വില വിവര പട്ടിക തയ്യാറാക്കൽ<br>പട്ടികയാക്കൽ | ജനുവരി<br>ഫെബ്രുവരി | അധ്യാപിക | |
| കലണ്ടറിലെ സംഖ്യാ ബന്ധം തിരിച്ചറിയുന്നു | കലണ്ടറിലെ പൂർത്തിയാക്കുന്നു<br>പാറ്റേൺ കണ്ടെത്തുന്നു<br>പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു | മാർച്ച് | അധ്യാപിക | |

| Acadamic Master Plan<br>ENGLISH<br>Std:II | | | | |
|---|---|---|---|---|
| **Learning objectives** | **Activities** | **Learning Output** | **Duration** | **Charge** |
| To improve listening | Games<br>Skits | Skit | June, July | Teacher |
| Speaking skill | Writing description<br>Growing sentence<br>Picture reading<br>Self introduction | Sentence card<br>Description | July<br>August | Teacher |
| Reading skills | News paper reading<br>Lbrary book reading<br>Text book activities | News | July<br>August | Teacher |
| Writing skills | Making word web<br>Word chain<br>Riddles<br>Conversation writing<br>Adding lines to the song<br>Developing story<br>Diary<br>Magazine | Riddles<br>Diary<br>Song<br>Story<br>Magazine<br>Word web | September<br>March | Teacher |

# CLASS 2- പരിസര പഠനം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം മനസിലാക്കുക. | ജലസ്രോതസ്സുകൾ നാടിന്റെ സമ്പത്ത്<br>ചുറ്റുപാടും നിരീക്ഷിച്ച വിവിധ ജലസ്രോതസ്സുകൾ അവയുടെ പ്രത്യേകതകൾ എന്നിവ പട്ടികപ്പെടുത്തുന്നു.<br>വീഡിയോ പ്രദർശനം<br>ജല സംരക്ഷണത്തിന്റെ ആവശ്യകത തിരിച്ചറിയുന്നു.<br>ജലം മലിനമാകുന്ന സന്ദർഭങ്ങൾ ,ജലം പാഴാകുന്ന അസന്ദർഭങ്ങൾ എന്നിവ കണ്ടെത്തുന്നു.<br>സർവ്വേ<br>പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കുന്നു.<br>പോസ്റ്റർ രചന.<br>ജല സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.<br>പരീക്ഷണ മൂല ഒരുക്കം,<br>ജലവുമായി ബന്ധപ്പെട്ട വ്യത്യസ്ത പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>നിരീക്ഷണ കുറിപ്പ് തയ്യാറാകുന്നു. | june-aug | Class Techer | PTA<br>MPTA |
| 2 | കൃഷിയെ കൂടതൽ അറിയാനും കർഷകരെ ആദരിക്കാനും കുട്ടികളെ പ്രാപ്തരാക്കുക. | കൃഷിയെ കൂടതൽ അറിയാനും കർഷകരെ ആദരിക്കാനും കുട്ടികളെ പ്രാപ്തരാക്കുക. | Sep-Oct | | |
| 3 | ശുചിത്വത്തിന്റെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുക. | വ്യക്തി ശുചിത്വ ശീലങ്ങൾ പട്ടികപ്പെടുത്തൽ<br>പരിസര ശുചിത്വത്തിന്റെ പ്രാധാന്യം ബോധവത്ക്കരണ ക്ലാസുകൾ<br>വീഡിയോ പ്രദർശനം<br>പോസ്റ്റർ രചന മത്സരം | Nov-Dec | | |

# CLASS 3- മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | വാദ്യോപകരണങ്ങളെ പരിചയപ്പെടുക | പാട്ടരങ്ങ്<br>പ്രാദേശികമായി<br>വാദ്യോപകരണം<br>വായിക്കുന്നവരുടെ സഹായത്തോടെ<br>വാദ്യോപകരണങ്ങളോട് കൂടിയ നാടൻ<br>പാട്ടുകളുടെ അവതരണം | June july | മലയാളം ടീച്ചർ | PTA<br>MPTA |
| 2 | | കഥ ഉത്സവം<br>നാട്ടു കഥകൾ പറയുന്ന മുതിർന്നവരെ<br>പ്രാദേശികമായി കണ്ടെത്തി അവരെ<br>ക്ലാസ്സിലേക്ക് ക്ഷണിച്ച് വരുത്തുന്നു.<br>കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.<br>രണ്ടോ മൂന്നോ കഥകൾ<br>അവതരിപ്പിക്കുന്നു.<br>ഉള്ളടക്കത്തെ പറ്റിയും പറച്ചിൽ<br>രീതിയെ പറ്റിയും ചർച്ച. | | | |
| 3 | സ്വതന്ത്ര രചനകൾക്ക് വേണ്ടി കുട്ടികളെ പ്രാപ്തരാക്കുക | മുന്തിരിങ്ങ - സ്കിറ്റ്<br>കഥ പുസ്തക നിർമാണം<br>മഴക്കെടുതികൾ നേരിടേണ്ടി വന്ന<br>സമീപ പ്രദേശങ്ങളിൽ സന്ദർശനം<br>നടത്തുക.<br>അവിടുത്തെ ജനങ്ങളുമായി അഭിമുഖ<br>സംഭാഷണം നടത്തുക. | Aug-Sep | | |
| 4 | കൃഷിയോടുള്ള ആഭിമുഖ്യം കുട്ടികളിൽ വളർത്തിയെടുക്കൽ. | കൃഷിയിടം സന്ദർശിക്കൽ.<br>കൃഷി ഉപകരണങ്ങൾ<br>പരിചയപ്പെടൽ.<br>പഴയ കാല കാർഷിക<br>ഉപകരണങ്ങൾ - പുതിയ കാല<br>കാർഷിക ഉപകരണങ്ങൾ എന്നിവ<br>ശേഖരിക്കൽ<br>കർഷകരുമായി അഭിമുഖം. | Oct | | |
| 5 | പ്രകൃതിയിൽ ദൈവം നൽകിയ മായ കാഴ്ചകൾ ആസ്വദിക്കാൻ കുട്ടികളെ തയ്യാറാക്കുക. | ജൈവ വൈവിധ്യങ്ങൾ നിറഞ്ഞ<br>നിൽക്കുന്ന സമീപ പ്രദേശങ്ങളിൽ<br>സന്ദർശനം നടത്തൽ.<br>ഉദാഹരണം - മാടായിപ്പാറ | Nov | | |

| | | | | | |
|---|---|---|---|---|---|
| 6 | അഭിനയ രംഗത്തെ പഠന സാധ്യതകൾ പരിചയപ്പെടാൻ | പാവനാടകത്തിനൊരുങ്ങാം ശില്പശാല- കട്ടത്താവനും കൊട്ടാരവും. എന്ന പാഠം ആസ്പദമാക്കി പാവ നിർമാണത്തിനായി രക്ഷിതാക്കൾക്കൊരു ശില്പശാല നടത്തൽ. നിർമിച്ചെടുത്ത പാവകളുടെ സഹായത്തോടെ പാവ നാടകം അവതരിപ്പിക്കൽ. | Dec | | |
| 7 | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ. | പ്രദർശനം ചെറു ഗ്രൂപ്പ് ആയി തിരിഞ്ഞ് ശാസ്ത്ര പരീക്ഷണങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുന്നു. ഓരോ ഗ്രൂപ്പും തെരഞ്ഞെടുത്ത ശാസ്ത്ര പരീക്ഷണം വായിച്ചവതരിപ്പിക്കുന്നു. പരീക്ഷണം നടത്തുന്നു. | Jan | | |

# CLASS 3- പരിസര പഠനം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക. | ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം.<br>പ്രകൃതി നടത്തം<br>പരിസ്ഥിതി ദിനചാരണം<br>മണ്ണ് നിരീക്ഷണ<br>ജീവികളുടെ നിരീക്ഷണം | ACADEMIC YEAR | EVS TEACHER | PTA MPTA |
| 2 | പ്രകൃതി സംരക്ഷണം | മണ്ണ്, ജലം, വായു, എന്നിവ സംരക്ഷിക്കുന്നതിന് ആവശ്യമായ പോസ്റ്ററുകൾ.<br>മഴക്കുഴി നിർമാണം<br>വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ സേനയ്ക്ക് | | | |
| 3 | വ്യക്തി ശുചിത്വം | സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനം.<br>ശുചിത്വ പോസ്റ്റർ നിർമാണം<br>ആരോഗ്യ ബോധവത്കരണ സെമിനാർ. | | | |
| 4 | സ്കൂൾ തോട്ടം | ഫീൽഡ് ട്രിപ്പ്<br>ഫുഡ് ഫെസ്റ്റിവൽ<br>എന്റെ ആരോഗ്യ കാർഡ് ഓരോ കുട്ടിക്കും<br>BMI കാണുന്നു.<br>സ്കൂൾ പച്ചക്കറി തോട്ടം<br>ശെരിയായ ഭക്ഷണ ശീലം | | | |
| 5 | റോഡു സുരക്ഷ | ആരോഗ്യ വിദഗ്ധരുടെ കാർഡ്<br>റോൾ play- റോഡ് നിയമങ്ങൾ<br>First aid kit തയ്യാറാക്കൽ<br>സ്വയം സുരക്ഷ ക്ലാസ്സ്<br>ചർച്ച<br>ബോധവത്കരണം | | | |
| 6 | ഭൂപ്രകൃതി | പരീക്ഷണങ്ങൾ<br>നിരീക്ഷണ പ്രവർത്തനം ഗ്ലോബ് നിർമാണം<br>ദേശീയ പതാക വരക്കൽ<br>ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ | | | |

| | | | | | |
|---|---|---|---|---|---|
| | | ഭൂപടവായന - ഇന്ത്യ, കേരളം<br>ഭൂപ്രകൃതി തിരിച്ചറിയൽ ഗൂഗിൾ മാപ് | | | |
| 7 | ജീവികളെ തിരിച്ചറിയൽ | ജീവികളുടെ കൂടുകൾ - നിരീക്ഷണം, നിർമാണം<br>വ്യത്യസ്ത തരം വീടുകൾ നിർമാണം - ആൽബം | | | |
| 8 | തൊഴിലുകൾ | വ്യത്യസ്ത തരം ജോലികൾ<br>സർവ്വേ<br>ഇന്റർവ്യൂ<br>ഫീൽഡ് വിസിറ്റ്<br>പഠനോത്സവം | | | |

# CLASS 3- ENGLISH

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | To enrich students moral values. | Collect pictures that reflects the acts of kindness, pasting on a chart and children are asked to observe and write their opinion about the picture. | ACADEMIC YEAR | ENGLISH TEACHER | PTA MPTA |
| 2 | To make them ewuipped to describe things around them | Skit- Birthday party of princess Julia<br>Vegetable game - children sit in a circle. Teacher give different names of vegetables to each child.<br>Teacher says a vegetable name and all the children with that vegetable name exchanges seats. The one who doesnt get a seat will lead the game. When the leader says vegetable salad all children exchange seats. | | | |
| 3 | To describe the major features of birds | Bird journal<br>Based on bird watching diary prepared by children add more details about the bird observed, write a description of bird on A4 sheet including birds picture.<br>Collect the descriptions prepared by the children and make a bird journal. FEATHERED FRIENDS. | | | |
| 4 | To engage them in language games | Riddle game<br>Divide the class into 4 groups. Teacher gives different topics to each group ( sun, rainbow, wind etc).<br>Ask them to create riddles in groups and thus a riddle game will be conducted in the class. The group which get more score wins the game. | | | |
| 5 | To engagd in choreograph | Add more lines to the poem about different jobs. Let them choreograph the poem with suitable gestures of different jobs | | | |

അക്കാദമിക് മാസ്റ്റർ പ്ലാൻ(മലയാളം ക്ലാസ് 4)2025-2026

| ലക്ഷ്യം | മേഖല/ പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാകേളി, നാടൻപാട്ടുകൾ,കുട്ടിക്കവിതകൾ,ICT ഉപയോഗിക്കൽ, ഡയറി, നോക്കി എഴുത്ത്, ലൈബ്രറി, പത്രം,ആനുകാലിക വായന, അമ്മപ്പുസ്തകം, ടെക്സ്റ്റ് ബുക്ക് പ്രവർത്തനങ്ങൾ, ആസ്വാദന-കുറിപ്പ്,രചനകൾ, വർക്ക്ഷീറ്റുകൾ,ക്ലാസ് പി.ടി.എ,അസംബ്ലി,കഥയരങ്ങ്, സർഗവേള/ ബാലസഭ.. | ലക്ഷ്യം നേടുന്നതുവരെ | അധ്യാപിക എസ്.ആർ.ജി, കുട്ടികൾ, പിയർഗ്രൂപ്പ് | സ്റ്റാഫ് ഫണ്ട്, അധ്യാപിക |
| *വായനശേഷി വളർത്തൽ | .ക്ലാസ് പി.ടി.എ, ക്ലാസ്സുതല വാട്സാപ് ഗ്രൂപ്പീകരണം, ക്ലാസ് വായനാക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, കഥയരങ്ങ്, ഭാഷാകേളികൾ കാവ്യോത്സവം, | വർഷം മുഴുവൻ | ടീച്ചർ,എച്ച്.എം,എസ്.ആർ.ജി ,സി.പി.ടി.എ. | |

| | | | | |
|---|---|---|---|---|
| <br><br><br><br>*<br>എഴുത്ത് പരിപോഷിപ്പിക്കൽ<br><br><br><br><br><br><br><br><br><br><br>*<br>കണ്ടറിയാം കേട്ടറിയാം.<br><br>അറിവ് ഡോക്യുമെൻററിയിലൂടെ നേടൽ (ICT)<br><br>*<br>രുചിച്ചറിയാം<br><br>നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ. | സർഗ്ഗാത്മക ഡയറി,സർഗ്ഗ-വേള, അസംബ്ലി.<br><br>.<br><br>പാഠഭാഗങ്ങളിൽ നിന്നുംപഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ, വായനാക്കുറിപ്പ് ശേഖരിക്കൽ, (ലൈബ്രറി പുസ്തകം വായിച്ച് കുറിപ്പ് എഴുത്ത്) സർഗ്ഗാത്മക ഡയറി, പാചക കുറിപ്പുകൾ, പതിപ്പുകൾ.<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വീഡിയോ പ്രദർശിപ്പിക്കൽ.<br>------------------------<br><br>ഭക്ഷ്യമേള - പാചകക്കുറിപ്പ് തുടങ്ങിയ പതിപ്പ നിർമ്മാണം ക്ലാസിലൊരു സദ്യ. | <br><br><br><br>വർഷത്തിലൊന്ന്<br><br><br><br><br><br><br><br>ആവശ്യാനുസരണം<br><br><br><br><br><br>വർഷത്തിലൊന്ന്. | <br><br><br><br><br>എസ്.ആർ.ജി ക്ലാസ് ടീച്ചർ സി പി ടി എ | |

| | | | | |
|---|---|---|---|---|
| * ദിനാചരണം സാഹിത്യകാരന്മാർ,മറ്റു പ്രധാന സംഭവങ്ങൾ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമദിനങ്ങൾ ആചരിക്കൽ<br><br>ഡോക്യുമെന്ററി പ്രദർശനം,ഹ്രസ്വ ചിത്രങ്ങൾ, സിനിമ പ്രദർശിപ്പിക്കൽ പുസ്തകപരിചയം ക്വിസ്,ലഘുപ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം. | വർഷത്തിലൊന്ന്.<br><br>മാസത്തിലൊന്ന് . | | |
| * പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് | വർഷത്തിലൊന്ന്. | | |
| * സർഗോത്സവം<br><br>ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ അവതരണം. | | | |

# ഗണിതം ക്ലാസ്സ് 4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ | ഗണിത ലാബ് ഒരുക്കൽ , ഒറിഗാമി രൂപങ്ങളുടെ നിർമ്മാണവും പ്രദർശനവും, കളികൾ, പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം, പാറ്റേണുകൾ, ഐസിടി ഉപയോഗിക്കൽ, ഗണിത ക്വിസ്, | വർഷം മുഴുവൻ | | |
| ചതുഷ്ക്രിയകൾ ലളിതമാക്കൽ, | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പിലാക്കൽ, ഗണിത കിറ്റ് സംഘടിപ്പിക്കൽ, ഡയസ് കളി കച്ചവടക്കളികൾ ,ഏണിയും പാമ്പും, ഗണിത വിജയം പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഗണിത ലാബ് ഒരുക്കൽ ഗണിത പഠനം സുതാര്യമാക്കൽ | ഗണിത ലാബ് പഠനത്തിൽ ഉപയോഗപ്പെടുത്തൽ ലാബ് ഒരുക്കൽ | വർഷം മുഴുവൻ | SRG | |
| ഗണിത മൂല ഗണിത പഠനം എളുപ്പമാക്കൽ | മഞ്ചാടി ,ഈർക്കിൽ ,ചതുര പെട്ടികൾ രൂപങ്ങൾ ശേഖരിക്കൽ ,ഗണിത ബ്ലോക്കുകൾ, കലണ്ടറുകൾ ഇക്കകെട്ടികൾ ശേഖരിക്കലും പ്രദർശനവും | വർഷം മുഴുവൻ | CPTA | |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കാം പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം | വർഷം മുഴുവൻ | | |
| ഗണിത മേള ഗണിതശേഷഗണിതശേഷികളുടെപ്രകടനം | പ്രശ്നോത്തരി ,പസിൽ ,പാറ്റേൺ ,പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽഒന്ന് | ക്ലാസ് ടീച്ചർ, SRG,CPTA | |

അക്കാദമിക മാസ്റ്റർപ്ലാൻ ക്ലാസ് 4 പരിസരപഠനം 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ/ ലക്ഷ്യങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം<br>നിരീക്ഷണം -അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | HM<br>CPTA<br>Class Teacher | PTA<br>SSK |
| ശാസ്ത്രമൂല<br>ഗവേഷണം<br>ശാസ്ത്രപഠനത്തിൽ താൽപ്പര്യം ജനിപ്പിക്കൽ- അന്വേഷണത്വര വളർത്തൽ. | ശാസ്ത്ര കിറ്റ് സംഘടിപ്പിക്കൽ പരീക്ഷണങ്ങൾ ചെയ്യൽ<br>സയൻസ്പാർക്ക്, സ്റ്റീം ഹബ് പ്രയോജനപ്പെടുത്തുന്നു<br>ശാസ്ത്ര പ്രദർശനങ്ങൾ നടത്തുന്നു | വർഷം മുഴുവൻ<br>ആവശ്യാനുസരണം | SRG<br>Class Teacher | |
| ഭൂപടമൊത്തക്കാം<br>കേരളം,ഇന്ത്യ ഭൂപട വായന- സൂചിക പരിചയപ്പെടൽ | ഭൂപടവായന,ഭൂപടരചന,സൂചിക നിർമ്മാണം,ICT ഉപയോഗിക്കൽ | വർഷത്തിലൊന്ന്. | Class Teacher | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിസ്മയ ചുമർ<br><br>ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG Class Teacher | |
| <u>ശാസ്ത്രോത്സവം</u><br><br>ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം,പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. ശാസ്ത്ര മാസികകളുടെ നിരീക്ഷണം. | വർഷത്തിലൊന്ന്. | SRG Class Teacher | |

# CLASS 4- ENGLISH

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | Express ideas clearly using age-appropriate vocabulary and structures | Picture Talk / Picture Description – 10 min<br>- Storytelling (with prompts) – 15 min<br>- Group Discussion or Role Play – 10 min<br>- Feedback / Recap – 5 min | ACADEMIC YEAR | ENGLISH TEACHER | PTA<br>MPTA |
| 2 | Improve pronunciation, fluency, and confidence | Choral Reading / Repetition Drills – 10 min<br>- Audio/Video Clip Response – 10 min<br>- "My Opinion" Talk – 15 min<br>- Peer Comments – 5 min | | | |
| 3 | Read grade-level texts with understanding, fluency, and expression | - Shared Reading (Short Story / Paragraph) – 15 min<br>- Vocabulary Activity – 10 min<br>- Comprehension Q&A – 10 min<br>- Silent Reading / Reflection – 5 min | | | |
| 4 | Develop ability to retell and infer meaning | - Paired Reading / Reading Aloud – 15 min<br>- Retelling in Own Words – 10 min<br>- Drawing or Mapping Story – 10 min<br>- Wrap-up – 5 min | | | |
| 5 | Write grammatically correct sentences, short paragraphs, letters, and narratives | - Guided Paragraph Writing – 20 min<br>- Peer Review or Correction – 10 min<br>- Sharing Writing / Read Aloud – 5 min<br>- Teacher Feedback – 5 min | | | |
| 6 | Organize thoughts | Brainstorming / Graphic | | | |

| | | | | | |
|---|---|---|---|---|---|
| | and write cohesively | Organizer – 10 min<br>- Drafting and Revising – 20 min<br>-Illustration/Title Work – 5 min<br>- Wrap-up – 5 min | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**UP മലയാളം**

ഭാഷാപഠനം രസകരമായും വിജ്ഞാനപ്രദവുമായ പഠന പ്രവർത്തനങ്ങളും നേട്ടങ്ങളും ഉറപ്പാക്കുക എന്നതാണ്. ഒപ്പം എല്ലാകുട്ടികളിലും വായിക്കാനും എഴുതാനും ഉള്ള ആഴത്തിലുള്ള അറിവ് വളർത്തിയെടുക്കുക.

## ലക്ഷ്യങ്ങൾ

- എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.
- ഭാഷാമികവ്
- ഘടകങ്ങൾ- വിശകലനം ചെയ്യുക
- ലൈബ്രറി സജീവമാക്കി വായന പരിപോഷിപ്പിക്കൽ
- നൈസർഗീകമായ കഴിവുകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുക.
- അഭിമുഖം - സാഹിത്യകാരൻമാരുമായി...
- ICT സാധ്യത
- വിദ്യാരംഗം - ക്ലബ് പ്രവർത്തനം
- പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനും കുട്ടികളെ പ്രാപ്തരാക്കുക. | <u>**അവധിക്കാലം**</u><br>അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു. (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) | ജൂൺമാസം | അദ്ധ്യാപിക |
| | <u>**ഭാഷാകേളി**</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺമാസം | അദ്ധ്യാപിക |
| | <u>**വാക്കുകളിൽ നിന്ന് വാക്യങ്ങളിലേക്ക്**</u><br>അക്ഷരങ്ങളും ചിഹ്നങ്ങളും കാർഡുപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കൽ | ജൂൺമാസം | അദ്ധ്യാപിക |
| 2. അർത്ഥപൂർണ്ണമായ വായനഉറപ്പ് വരുത്തുക. | <u>**വാർത്താലോകത്തേക്ക്**</u><br>പത്രം, മാസികകൾ എന്നിവ കുട്ടികൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും, ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു. (പാഠഭാഗം വായിക്കുകയും) | എല്ലാ ദിവസവും | അദ്ധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| | <u>വാർത്താവായന</u><br>മാധ്യമങ്ങളുടെ സഹായത്താൽ വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കൽ. ക്ലാസ് തലത്തിൽ വായന നടത്തുന്നു. | പ്രതിമാസം | അദ്ധ്യാപിക |
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക സർഗ്ഗ ശേഷി വളർത്തൽ | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ദിനാചരണങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | മാസത്തിൽ | വിദ്യാഭ്യാസം ക്ലബ് |
| | <u>സംവാദം</u><br>എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായി സംഭാഷണം സംവാദം സംഘടിപ്പിക്കൽ | വർഷത്തിൽ രണ്ടോ മൂന്നോ | വർഷത്തിൽ രണ്ടോ മൂന്നോ |
| 4. മലയാളം ICT സാധ്യതയിലൂടെ പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | <u>ഇ-കമ്പ്യൂട്ടറിംഗ്</u><br>മുഴുവൻ കുട്ടികളെയും കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | ഒരു വർഷം | HM അദ്ധ്യാപിക |
| 5. കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | <u>രംഗാവിഷ്ക്കാരം</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ ക്ലാസിലും, സ്കൂളിലും അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | അദ്ധ്യാപിക |
| <u>കുട്ടികളുടെ Vlog വ്ളോഗ്</u><br>അവതരണ മികവ് | വിശേഷദിനങ്ങളും ദിനാചരണങ്ങളും ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കൽ- വായനയുമായി ബന്ധപ്പെട്ട് മികച്ച ആസ്വാദനം തയ്യാറാക്കൽ, വാർത്താക്വിസ് പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കൽ | ആഴ്ചയിൽ മാസത്തിൽ | അദ്ധ്യാപിക (HM) |

# അക്കാദമിക് മാസ്റ്റർ പ്ലാൻ-ഹിന്ദി

**ആമുഖം**

വിദ്യാർത്ഥികളിൽ ഹിന്ദി ഭാഷയോടുള്ള താത്പര്യം വർദ്ധിപ്പിക്കുന്നതിനും ഹിന്ദി അനായാസം കൈകാര്യം ചെയ്യുന്നതിനും സ്കൂൾ ഹിന്ദി ക്ലബ്ബ് യുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

- അക്ഷരജ്ഞാനം ഉറപ്പിക്കൽ
- ഹിന്ദി-എഴുത്ത്, വായന പരിപോഷിപ്പിക്കൽ
- ഹിന്ദിയിൽ സംസാരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
- ഹിന്ദി സർഗ്ഗാത്മക രചന പരിപോഷിപ്പിക്കൽ
- മികച്ച ക്ലബ്ബ് പ്രവർത്തനങ്ങൾ
- ഹിന്ദി മത്സരങ്ങളിൽ മികച്ച വിജയം

# പ്രവർത്തനങ്ങൾ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ക്ലാസ് |
|---|---|---|---|
| 1. അക്ഷരജ്ഞാനം ഉറപ്പിക്കൽ<br>- പ്രീടെസ്റ്റ്<br>- അക്ഷര കാർഡുകൾ<br>- വർണ്ണമാല ചാർട്ട്<br>- അക്ഷകളരി | ജൂൺ<br>ജൂലൈ | ഹിന്ദി<br>അദ്ധ്യാപിക | 5<br>6<br>7 |
| 2. ഹിന്ദി- എഴുത്ത് വായന പരിപോഷിപ്പിക്കൽ<br>- വായനക്കാർഡുകൾ<br>- ഹിന്ദി പുസ്തകങ്ങൾ (ബാലസാഹിത്യം)<br>- വർക്ക്ഷീറ്റുകൾ | ജൂൺ<br>to<br>മാർച്ച് | ഹിന്ദി<br>അദ്ധ്യാപിക | 5<br>6<br>7 |
| 3. ഹിന്ദി സംസാരിക്കാൻ പ്രാപ്തരാക്കൽ<br>- സംവാദങ്ങൾ<br>- ക്ലാസ് റൂമിൽ ഹിന്ദിയിൽ ആശയ വിനിമയം | ജൂൺ<br>to<br>മാർച്ച് | ഹിന്ദി<br>അദ്ധ്യാപിക | 5<br>6<br>7 |
| 4. ഹിന്ദി - സർഗ്ഗാത്മക രചന പരിപോഷിപ്പിക്കൽ<br>- വായന പ്രവർത്തനങ്ങൾ<br>- പതിപ്പ്/മാസിക തയ്യാറാക്കൽ | ജൂൺ<br>to<br>മാർച്ച് | ഹിന്ദി<br>അദ്ധ്യാപിക | 5<br>6<br>7 |
| 5. മികച്ച ക്ലബ്ബ് പ്രവർത്തനങ്ങൾ<br>- ഹിന്ദി - പുതിയ വാക്കുകൾ<br>- ചൊല്ലുകൾ<br>- സാഹിത്യകാരൻമാർ<br>ഹിന്ദി അസംബ്ലി<br>ഹിന്ദി കോർണർ സജീകരിക്കൽ<br>ദിനാചരണങ്ങൾ<br>ഹിന്ദി കൈയെഴുത്ത് മാസിക തയ്യാറാക്കൽ | ജൂൺ<br>to<br>മാർച്ച് | | 5<br>6<br>7 |
| 6. മത്സരങ്ങളിൽ മികച്ച വിജയം<br>- ബാലസഭ<br>- ഹിന്ദിദിനം<br>- ഹിന്ദി കലോത്സവം<br>- മത്സര ഇനങ്ങളിൽ പരിശീലനം | | | 5<br>6<br>7 |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

അടിസ്ഥാനശാസ്ത്രം

ശാസ്ത്രപഠനത്തിൽ കുട്ടികൾക്ക് ശാസ്ത്രാഭിരുചി വളർത്തുന്നതിനും ശാസ്ത്ര വിഷയത്തിൽ നേട്ടങ്ങൾ കൈവരിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യ ബോധത്തോടെ അധ്യയന വർഷം നമ്മുടെ വിദ്യാലയം ഏറ്റെടുക്കുന്ന പ്രവർത്തന ലക്ഷ്യങ്ങൾ വിശദീകരിക്കുന്നു.

## ലക്ഷ്യങ്ങൾ

- പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുക.
- പരിസ്ഥിതി സംരക്ഷണത്തിൽ സമൂഹത്തിന് മാതൃകയായി പ്രവർത്തിക്കുക
- ശാസ്ത്രബോധം വളർത്തുക
- ഫീൽഡ് ട്രിപ്പുകൾ
- ശാസ്ത്രജ്ഞൻമാരെ വളർത്തിയെടുക്കുക
- ശാസ്ത്ര ക്ലബ്ബുകൾ, എക്കോ ക്ലബ്ബ് പ്രവർത്തനങ്ങൾ
- ജൈവ വൈവിധ്യപാർക്കുകൾ
- ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തൽ

# പ്രവർത്തനങ്ങൾ : പരീക്ഷണങ്ങളിൽ ഏർപ്പെടൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. പാഠഭാഗ പരീക്ഷണങ്ങൾ പാഠാനുബന്ധ പരീക്ഷണങ്ങൾ | 1 year | ശാസ്ത്ര അദ്ധ്യാപകൻ | |
| പ്രവർത്തനം : 2<br>പരിസ്ഥിതി സംരക്ഷണത്തിൽ സമൂഹത്തിന് മാതൃകയാവുക<br><br>ദിനാചരണ പ്രവർത്തനങ്ങൾ<br>പരിസ്ഥിതിദിനം<br>പ്ലാസ്റ്റിക് മുക്ത വിദ്യാലയം<br>പരിസ്ഥിതി മലിനീകരണം തടയുക<br><br>പരിസ്ഥിതി ദിനാചരണം<br>വൃക്ഷതൈകൾ നടൽ, പോസ്റ്റർ നിർമാണം സ്കൂൾ പരിസരം പ്ലാസ്റ്റിക്, വിമുക്തമാക്കൽ, പരിസരം വൃത്തിയാക്കൽ ഹരിത പ്രോട്ടോക്കോൾ പാലിക്കൽ സെമിനാർ | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകൻ | |
| ശാസ്ത്രബോധം വളർത്തുക<br>കുട്ടികളിൽ ശാസ്ത്രബോധം വളർത്തിയെടുക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ശാസ്ത്രമാസിക യുറേക്ക ഉൾക്കൊള്ളിച്ച് ഒരു ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു.<br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി മുഖാമുഖം പരിപാടി സംഘടിപ്പിക്കുന്നു. സെമിനാർ അവതരിപ്പിക്കുന്നു. | 1 year | ശാസ്ത്ര അദ്ധ്യാപകൻ | |

| | | | |
|---|---|---|---|
| ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക<br>ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക, കുളങ്ങൾ, വയലുകൾ തുടങ്ങിയ ജൈവവൈവിധ്യ മേഖലകൾ സന്ദർശിക്കുക, ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുക.<br>5, 6, 7 ക്ലാസുകളിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട് Fieed trip നടത്തുക. റിപ്പോർട്ട് തയ്യാറാക്കുക. കണ്ടൽകാടുകൾ, കാവുകൾ പുഴയെ അറിയാൻ യാത്രകൾ തുടങ്ങിയവ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകൻ | |
| ശാസ്ത്രക്ലബ്ബ്, Ecoclub activities ഊർജ്ജ ക്ലബ്ബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ<br><br>തയ്യാറാക്കി റിപ്പോർട്ടുകൾ അവതരിപ്പിക്കുന്നു. ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്ര നിർമ്മാണം ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളിലെ Club activities. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകൻ | |
| ജൈവവൈവിധ്യപാർക്കുകൾ<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്കുകളുടെ നിർമ്മാണം. ചിത്രശലഭ പാർക്ക്, മഴക്കുഴിനിർമ്മാണം എന്നിവ | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകൻ | |
| ഐ.സി.റ്റി സാധ്യത<br>പ്രോജക്ട്, സിംപിൾ എക്സിപിരിമെന്റ്സ്, ലഘുലേഖനങ്ങൾ എന്നിവ കണ്ട് മനസ്സിലാക്കൽ. ഐ.സി.റ്റിയുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകളുടെ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകൻ | |

# മേഖല യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear - ലളിതവും രസകരവമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അദ്ധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ളസംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അദ്ധ്യാപകൻ | |

# മേഖല യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാദിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | I Too Can!! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | F.M Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അദ്ധ്യാപകൻ | |

# മേഖല യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമികളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | Run Bay Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അദ്ധ്യാപകൻ | |
| 4. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൂക്ഷിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അദ്ധ്യാപകൻ പി.ടി.എ ഭാരവാഹികൾ രക്ഷിതാക്കൾ | |
| | അഞ്ചാം ക്ലാസിനായി കഥ പറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി/ ഫിലിം ഷോ | | | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ(യു.പി.ഗണിതം)**

| ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| V, VI, VII | **ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടൽ**<br>-പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ കഴിവുകളും പഠനവിടവുകളും കണ്ടെത്തുന്നു.<br>.ഗണിത ക്ലബ് രൂപീകരിക്കുന്നു.<br><br>.കൂടുതൽ ചതുഷ്ക്രിയാ പ്രവർത്തനങ്ങൾ നൽകുന്നു.<br>വർക്ക്ഷീറ്റ് നൽകുന്നു.<br>ക്ലാസ് തല മത്സരങ്ങൾ നടത്തുന്നു.<br>കുട്ടികളിൽ ഗണിത താത്പര്യം വർദ്ധിപ്പിക്കുന്നു.<br>. ഗണിത നിഘണ്ടു<br>.ഗണിത പ്രശ്നോത്തര<br>.ഗണിതക്വിസ്, ഗണിത കേളികൾ, എന്നിവ സംഘടിപ്പിക്കുന്നു.<br>.ഗണിതശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ ജീവചരിത്രം,ഗണിത ചിത്രങ്ങൾ , കളികൾ തുടങ്ങിയവ ഉൾപ്പെടുത്തി ഗണിതപതിപ്പ് തയ്യാറാക്കുന്നു.<br>.ഗണിതചാർട്ടുകൾ വരയ്ക്കുന്നു.<br>.ഗണിത രൂപങ്ങൾ നിർമ്മിക്കുന്നു. | 10 മാസം | ഹെഡ്മാസ്റ്റർ/ ഗണിത അധ്യാപിക | അധ്യാപകർ/ ബി.ആർ.സി |

| | | | | |
|---|---|---|---|---|
| | .ഗണിതകടങ്കഥാ മത്സരങ്ങൾ<br><br>നടത്തുന്നു.<br>.ഗണിതലാബ് നവീകരിക്കുന്നു.<br>.ഉത്തരപ്പെട്ടി ഗണിത പ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർ-ശിപ്പിക്കൽ, കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കൽ, വിജയികളെ കണ്ടെത്തൽ മുതലായവ ഉൾപ്പെടുത്തി ഗണിത അസംബ്ലി സംഘടി-പ്പിക്കൽ.<br><br>വളരുന്ന ഗണിത ചാർട്ട്(ഓരോ പാഠത്തിനും )<br>ഗണിത ചോദ്യബാങ്ക്<br>മനക്കണക്ക് രീതി പ്രോത്സാഹിപ്പിക്കുന്ന<br>തിന്. | | | |

# സാമൂഹ്യശാസ്ത്രം അക്കാദമിക് മാസ്റ്റർ പ്ലാൻ UP 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റി എടുക്കുക | വെർച്വൽ ഫീൽഡ് ട്രിപ്പ് ICT സാധ്യത ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം | ജൂൺ - മാർച്ച് | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| സമൂഹത്തിൽ നിന്നും ലഹരി തുടച്ചുനീക്കുക | സ്കിറ്റ് അവതരണം, സൂംബാ ഡാൻസ്, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ്സ് | ജൂൺ - മാർച്ച് | അദ്ധ്യാപകർ PTA | |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദോഷങ്ങൾ ക്രിമിനൽ പ്രവർത്തനങ്ങൾ റോഡ് സുരക്ഷാ എന്നിവയെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക | സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | ജൂലൈ | | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ഭൂകമ്പം, സുനാമി തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും ഡെമോൺസ്ട്രേഷൻ ക്ലാസ്സും സംഘടിപ്പിക്കുന്നു. രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നു | ജൂൺ - സെപ്തംബർ | | |

| | | | | |
|---|---|---|---|---|
| കുട്ടികൾക്കെതിരെയുള്ള അതിക്രമം ലൈംഗിക പീഡനം തുടങ്ങിയവയിൽ നിന്നും കുട്ടികളെ സംരക്ഷിക്കുക | പോക്സോ ബോധവൽക്കരണ ക്ലാസ്സ്, നിയമവിദഗ്ദരുടെ സഹായത്തോടുള്ള ബോധവൽക്കരണ പരിപാടി | ആഗസ്ത് | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം | സ്പെഷ്യൽ സ്കൂൾ സന്ദർശനം ഭിന്നശേഷിക്കാർ നേരിടുന്ന പ്രതിസന്ധികൾ പരിഹാരങ്ങൾ എന്നിവ തിരിച്ചറിയുന്നു | സെപ്തംബർ | | |
| നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ദാരിദ്ര നിർമാർജന പ്രവർത്തനങ്ങൾ, പദ്ധതികൾ തിരിച്ചറിയുക | സർവ്വേ നടത്താം കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്ന ദാരിദ്ര്യ നിർമാർജന പദ്ധതികളിൽ ഉൾപ്പെട്ടവരുടെ സർവ്വേ നടത്തുന്നു | നവംബർ | | |
| ഭൂമിയുടെ ഉള്ളറകളിലെ സവിശേഷതകൾ മനസ്സിലാക്കുന്നതിന് | ശില്പശാല<br><br>ഭൂമിയുടെ ഘടന മാതൃക നിർമ്മിക്കൽ | ഒക്ടോബർ - നവംബർ | | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു | ഡിസംബർ | | |
| വസ്ത്ര നിർമ്മാണരീതി മനസിലാക്കുക | കൈത്തറി കേന്ദ്രം സന്ദർശിക്കൽ | സെപ്തംബർ | | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാരീരിക മാനസിക വളർച്ച വികാസങ്ങളുടെ അടിത്തറ രൂപപ്പെടുത്തൽ | അസംബ്ലി ലഘു വ്യായാമുറകൾ പരിശീലിപ്പിക്കൽ ആഹാരരീതി ബോധവൽക്കരണം | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ /എസ് ആർ ജി | |

# കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മകശേഷികൾ പരിപോഷിപ്പിക്കുക | ബാലസഭ അഭിരുചിക അനുസരിച്ച് കലാപ്രകടനം നടത്താൻ അവസരം | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ /എസ് ആർ ജി | |

# പ്രവർത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അഭിരുചിക്ക് അനുസരിച്ച പ്രവർത്തി പരിചയം നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക | പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണം | ജൂലൈ - ഫെബ്രുവരി | ക്ലാസ് ടീച്ചർ /എസ് ആർ ജി | |

# IT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര സാങ്കേതികവിദ്യയിൽ തല്പരരാകാനും ലാപ്ടോപ്പ് കൈകാര്യം ചെയ്യുന്നതിന് | കളിപ്പെട്ടി<br>e വിദ്യാ പരിശീലനം | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ /എസ് ആർ ജി | |

## ഉപസംഹാരം

ദീർഘവീക്ഷണത്തോടുകൂടി ആസൂത്രണം ചെയ്യൽ ഏതൊരു പദ്ധതിയുടെയും വിജയത്തിന് അനിവാര്യമാണ്. കാലോചിതമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യു നടക്കുക നടപ്പാക്കുക എന്നത് ഏതൊരു വിദ്യാലയത്തിന്റെയുംപ്രഥമ കർത്തവ്യങ്ങളിൽ ഒന്നുമാത്രം. ഈ രൂപരേഖയിൽ പരാമർശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ അക്കാദമികവും സാമൂഹികവും വ്യക്തിപരവുമായ വളർച്ചയ്ക്ക് ഉതകുന്നതാണെന്ന് കാര്യത്തിൽ സംശയമില്ല.